"ഭരണഭാഷ - മാതൃഭാഷ"

സി 6/ 33216/2017/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 18.04.2018
ഫോൺ: 0471-2303107

## സർക്കുലർ

വിഷയം. കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - അപ്രന്റീസ് ട്രെയിനികളെ നിയമിയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന
1. 05-07-2017 ലെ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറുടെ കത്ത് നം എഫ്1/21777/2016.
2. 17/01/2018 ലെ സർക്കാർ കത്ത് നം. എഫ്1/317/2017/ഉ.വി.വ.
3. 31-03-2018 - ലെ വ്യാവസായിക പരിശീലന വകുപ്പ് സ്റ്റേറ്റ് അപ്രന്റിസ്ഷിപ്പ് അഡൈ്വസറുടെ കത്ത് നം എഫ്1/21777/2017.
4. ഈ കാര്യാലയത്തിലെ 09-10-2017 ലെ ഇതേ നമ്പർ സർക്കുലർ.

*****

മേൽ സൂചന (1) കത്തിലെ നിർദ്ദേശപ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ സ്ഥാപനങ്ങളിൽ സർക്കാർ അനുമതിയ്ക്കു വിധേയമായി ഐടിഐ അപ്രന്റീസ് ട്രെയിനികളെ നിയമിയ്ക്കുന്നതിന്, ആവശ്യമുള്ള ട്രെയിനികളുടെ ട്രേഡും എണ്ണവും സ്ബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്ന് സൂചന (4) സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയതു പ്രകാരം സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകൾ സർക്കാർ അനുമതിയ്ക്കായി അയച്ചിരുന്നു. സൂചന (2) കത്തിന് സർക്കാരിലേയ്ക്ക് വിശദീകരണം നൽകുന്നതിനായി ഓരോ സ്ഥാപനത്തിലും ഏറ്റവും അത്യാവശ്യം വേണ്ട അപ്രന്റീസ് ട്രെയിനികളുടെ വിവരം (ഏറ്റവും ചുരുങ്ങിയത്) ഒന്നുകൂടി പരിശോധിച്ച് പുതുക്കിയ ലിസ്റ്റ് 30-04-2018 നു മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കണമെന്ന് താത്പര്യപ്പെടുന്നു. സ്ഥാപനങ്ങളിൽ നിയമിയ്ക്കാവുന്ന ട്രേഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

0711651

GOVERNMENT OF KERALA

| ടെക്നിക്കൽ | നോൺ ടെക്നിക്കൽ |
|---|---|
| പ്ലംബർ | കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിങ്ങ് അസിസ്റ്റന്റ് (കോപ്പ) |
| വയർമാൻ | ഡി.റ്റി.പി.ഓപ്പറേറ്റർ |
| ഇലക്ട്രീഷ്യൻ | ഡേറ്റ എൻട്രി ഓപ്പറേറ്റർ |
| ഇലക്ട്രോണിക്ക് മെക്കാനിക്ക് | ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് |

ഒപ്പ്/-

എ. സീതാലക്ഷ്മി അമ്മ

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് // അംഗീകാരത്തോടെ //

1. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾ മാർക്കും
2. എല്ലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ മാർക്കും
3. SF/CF

സൂപ്രണ്ട്

NA

07116/C

GOVERNMENT OF KERALA